## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ – ശ്രീമതി അനുപമ ടി.വി IAS, വനിത ശിശുവികസന ഡയറക്ടർ)

വിഷയം :- വനിത ശിശുവികസന വകുപ്പ് - ICPS - കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി - കോവിഡ് ധന സഹായമായി അനുവദിച്ച പ്രതിമാസ തുകയിൽ മിച്ചമുള്ള തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :- 1) സ.ഉ (കൈ) നം. 18/2021/സാ.നീ.വ തീയതി 20.06.2021.
2) സ.ഉ (കൈ) നം. 1/2021/ഡബ്ല്യു.സി.ഡി.ഡി തീയതി 17.08.2021.
3) ഈ കാര്യാലയത്തിലെ ICPS 7/1602/2021 നമ്പർ കത്ത് തീയതി 28.01.2022.
4) ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS 7/16956/21 തീയതി 22.11.2021
5) കണ്ണൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ DCPU1/419/2021 നമ്പർ കത്ത്, തീയതി 23.02.2022

### ഉത്തരവ് നമ്പർ - ICPS-7-1602-21 തീയതി : 09.03.2022

കോവിഡ് മൂലം മാതാപിതാക്കൾ/രക്ഷിതാക്കൾ മരണപ്പെട്ട അനാഥരായ കുട്ടികൾക്ക് ഒറ്റത്തവണയായി 3 ലക്ഷം ഫിക്സഡ് ഡെപ്പോസിറ്റായും, പ്രതിമാസം 2000/- രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതുവരെ സർക്കാർ ധന സഹായം നൽകുന്നതിന് സൂചന(1) ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഇതു പ്രകാരം കോവിഡ് ധന സഹായമായി കണ്ണൂര് ജില്ലയിലെ 5 കുട്ടികൾക്ക് സൂചന 3,4 പ്രകാരം ആകെ 15,48,000/- രൂപ (പതിനഞ്ച് ലക്ഷത്തി നാല്പത്തിയെട്ടായിരം രൂപ മാത്രം) അനുവദിച്ചിരുന്നു. മേൽ ധനസഹായമായി ഫാത്തിമത്തുൽ ഫിദ ഫാർവീൻ, മിസ്ന ഫാമിൻ സി.കെ, റിദ സി.കെ എന്നീ 3 കുട്ടികൾക്ക് അനുവദിച്ച പ്രതിമാസം തുകയിൽ മിച്ചമുള്ള 6000/- രൂപ (ആറായിരം രൂപ മാത്രം) അബ്ദുൽ ഫത്താഹ്. ഇ, ഫാത്തിമ . ഇ എന്ന കുട്ടിയ്ക്ക് 2022 ജനുവരി മുതൽ മാർച്ച് മാസം വരെ ചെലവഴിക്കുന്നതിനുള്ള അനുമതിക്കായി സൂചന(5) പ്രകാരം കണ്ണൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസര് അപേക്ഷിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ സൂചന (3) പ്രകാരം കുട്ടികൾക്ക് പ്രതിമാസ ധന സഹായത്തിനായി അനുവദിച്ച തുകയിൽ മിച്ചമുള്ള 6000/- രൂപ, അബ്ദുൽ ഫത്താഹ് ഇ ഫാത്തിമ ഇ എന്ന കുട്ടിക്കായി 2022 ജനുവരി - മാർച്ച് കാലയളവിൽ പ്രതിമാസം 2000/- രൂപ നിരക്കിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

**പകർപ്പ്**

1. സൂപ്രണ്ട് (എ) സെക്ഷൻ
2. വനിത ശിശു വികസന ഓഫീസർ, കണ്ണൂർ
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കണ്ണൂർ
4. ഐ.സി.പി.എസ് - 4
5. വെബ് സൈറ്റ്
6. സ്പെയർ കോപ്പി

**അംഗീകാരത്തോടെ**

**പ്രോഗ്രാം മാനേജർ**